# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 151 | 23.01.2018 ൽ മറുപടിക്ക്

## സംസ്ഥാനത്തെ ക്രമസമാധാനനില

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റ്റി.വി.രാജേഷ്<br>ശ്രീ.കെ. ബാബു<br>ശ്രീ.പി.ടി.എ. റഹീം<br>ഐ.ബി. സതീഷ് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്തെ ക്രമ സമാധാനനില ശക്തമാക്കുന്നതിനായി എന്തെല്ലാം നൂതന പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്തെ ക്രമ സമാധാനനില ശക്തമാക്കുന്നതിനും, കുറ്റാന്വേഷണം കാര്യക്ഷമമാക്കുന്നതിനും പോലീസ് സ്റ്റേഷനുകളുടെ പശ്ചാത്തല വികസനത്തിനും സാങ്കേതിക സംവിധാനം മെച്ചപ്പെടുത്തുന്നതിനും നിരവധി പ്രവർത്തനങ്ങൾ നടന്നു വരുന്നുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് ഇൻസ്പെക്ടർമാരെ സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി നിയമിക്കുന്ന സംവിധാനം ആരംഭിക്കുകയും അവരുടെ കീഴിൽ ക്രമസമാധാന പരിപാലനത്തിനും കുറ്റാന്വേഷണത്തിനുമായി ഓരോ സബ് ഇൻസ്പെക്ടർമാരുടെ നേതൃത്വത്തിൽ രണ്ട് വിഭാഗങ്ങളായി പ്രവർത്തിച്ചുവരുകയും ചെയ്യുന്നു. ആധുനികവൽക്കരണത്തിന്റെ ഭാഗമായി കേസുകൾ രജിസ്റ്റർ ചെയ്യുന്നതിനും ജനറൽ ഡയറി രേഖപ്പെടുത്തുന്നതിനും സി.സി.ടി.എൻ.എസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. പൊതുജനങ്ങളുടെ പരാതികൾ ഐ.ആപ്പ് സംവിധാനത്തിലൂടെ രജിസ്റ്റർ ചെയ്യാവുന്നതും, അവർക്ക് നിജസ്ഥിതി അറിയുന്നതിന് കിയോസ്കുകൾ വഴി സാധിക്കുന്നതുമാണ്. എഫ്.ഐ.ആറുകൾ പൊതുജനങ്ങൾക്ക് കേരളാ പോലീസിന്റെ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. പൊതുജനങ്ങൾക്ക് പോലീസ് സ്റ്റേഷനിൽ നേരിട്ട് വരാതെ തന്നെ പെറ്റീഷനുകൾ ഇ-മെയിൽ |

മുഖാന്തിരം അയക്കാവുന്നതാണ്. കേസ്സന്വേഷണം സുഗമമാക്കുന്നതിനായി എല്ലാ പോലീസുദ്യോഗസ്ഥർക്കും സി.യു.ജി സിം കാർഡുകൾ നൽകിയിട്ടുണ്ട്. പോലീസുദ്യോഗസ്ഥർക്ക് പരസ്പരം സൗജന്യമായി വിളിക്കുന്നതിന് ഉതകുന്ന തരത്തിലുള്ള സിം കാർഡ് കേസ്സന്വേഷണത്തിനും മറ്റും നല്ല രീതിയിൽ പോലീസിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കും ഉപകരിക്കുന്നുണ്ട്. സ്റ്റേഷനിൽ വരുന്നവരുടെ പരാതിയും മറ്റും സ്വീകരിക്കുന്നതിനായി പി.ആർ.ഒ സംവിധാനം സ്റ്റേഷനുകളിൽ നടപ്പിൽ വരുത്തിയിട്ടുണ്ട്, സ്റ്റേഷൻ ജീപ്പുകളിൽ ജി.പി.എസ് സംവിധാനം സ്ഥാപിച്ചിട്ടുണ്ട്. കുറ്റകൃത്യം നടന്ന സ്ഥലങ്ങളെ ക്രൈം മാപ്പിംഗ് സൈറ്റിൽ രേഖപ്പെടുത്തുന്ന സംവിധാനം നിലവിലുണ്ട്. പോലീസ് സ്റ്റേഷനുകളിൽ റിസപ്ഷൻ സംവിധാനം, ജനമൈത്രി പോലീസ്, സീനിയർ സിറ്റിസൺ ഫ്രണ്ട് ലി ഓഫീസർ, വനിതാ ഹെൽപ് ഡസ്ക്, ഐ ആപ്സ് പെറ്റിഷൻ സംവിധാനം, എന്നീ പദ്ധതികളുടെ പ്രവർത്തനഫലമായി മെച്ചപ്പെട്ട സേവനം നൽകി വരുന്നുണ്ട്. സൈബർ സെൽ ജില്ലാതലങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്. സൈബർ സെല്ലിന്റെ സേവനമുപയോഗിച്ച് പല കേസുകളുടെയും അന്വേഷണം കാര്യക്ഷമമാക്കുന്നതിന് സാധിക്കുന്നുണ്ട്.

| | |
|---|---|
| (ബി) ക്രമസമാധാനനില ഭദ്രമാക്കുന്നതിനും കുറ്റാന്വേഷണം കൂടുതൽ ഫല പ്രദമാക്കുന്നതിനും എന്തെല്ലാം നിർദ്ദേശ ങ്ങളാണ് നൽകിയിട്ടുള്ളത്; | (ബി) ക്രമസമാധാനനില ഭദ്രമാക്കുന്നതിനും കുറ്റാന്വേഷണം കൂടുതൽ ഫല പ്രദമാക്കുന്നതിനുമായി സംസ്ഥാനത്ത് ഇൻസ്പെക്ടർമാരെ സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി നിയമിക്കുന്ന സംവിധാനം ആരംഭിക്കുകയും അവരുടെ കീഴിൽ ക്രമസമാധാന പരിപാലനത്തിനും കുറ്റാന്വേഷണത്തിനുമായി ഓരോ സബ് ഇൻസ്പെക്ടർമാരുടെ നേതൃത്വത്തിൽ രണ്ട് വിഭാഗങ്ങളായി പ്രവർത്തിച്ചുവരുകയും ചെയ്യുന്നു. കൂടാതെ പോലീസ് പട്രോളിംഗ് ശക്തമാക്കി പോലീസ് സാന്നിധ്യം കൂടുതൽ വ്യാപിപ്പിച്ചും ജനമൈത്രി പോലീസ് പദ്ധതി പോലുള്ള പദ്ധതികളിലൂടെ പോലീസ് പൊതുജന ബന്ധം ശക്തമാക്കി പൊതുജനങ്ങളെ കൂടുതൽ |

വിശ്വാസത്തിലെടുത്ത് കുറ്റകൃത്യങ്ങളെക്കുറിച്ചും ക്രമസമാധാന പ്രശ്നങ്ങളെക്കുറിച്ചും ശരിയായ വിവരങ്ങൾ ശേഖരിച്ചും വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ കേസന്വേഷണം കാര്യക്ഷമമാക്കിയും കുറ്റാന്വേഷണവും ക്രമസമാധാന പരിപാലനവും ഫലപ്രദമായി നടപ്പിലാക്കിവരുന്നു.

(സി) ഗുണ്ടകളെയും ക്രിമിനലുകളെയും അറസ്റ്റ് ചെയ്യുന്നതിന് എല്ലാ ജില്ലകളിലും പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ടോ;

(സി) ഉണ്ട്.

(ഡി) ഗുണ്ടകൾക്കും സാമൂഹ്യവിരുദ്ധർക്കും ഗുരുതര കുറ്റകൃത്യങ്ങൾ ചെയ്യുവർക്കും എതിരെയുള്ള നടപടികളുടെ ഭാഗമായി സംസ്ഥാന വ്യാപകമായി സ്പെഷ്യൽ ഡ്രൈവ് നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

(ഡി) ഗുണ്ടകൾക്കും സാമൂഹ്യവിരുദ്ധർക്കും ഗുരുതര കുറ്റകൃത്യങ്ങൾ ചെയ്യുവർക്കും എതിരെയുള്ള നടപടികളുടെ ഭാഗമായി സംസ്ഥാനത്ത് പോലീസ് ജില്ലകളിൽ നടത്തിയ സ്പെഷ്യൽ ഡ്രൈവുകളുടെ വിശദാംശം ഇതോടൊപ്പം അനുബന്ധമായി ചേർത്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം

NO. 118/LAI/SCRB/2018, dated 16.01.2018

Law & Order

| | സ്പെഷ്യൽ ഡ്രൈവുകളുടെ എണ്ണം | ഇതിന്റെ ഭാഗമായി നടപടി സ്വീകരിച്ച.. | |
|---|---|---|---|
| | | ഗുണ്ടകളുടെ എണ്ണം | സാമൂഹ്യവിരുദ്ധരുടെ എണ്ണം |
| TVM C | 92 | 41 | 224 |
| TVM R | 27 | 22 | 858 |
| KLM C | 33 | 22 | 264 |
| KLM R | 70 | 3 | 584 |
| PTA | 80 | 4 | 567 |
| ALP | 13 | 71 | 1614 |
| KTM | 36 | 8 | 108 |
| IDK | 7 | 0 | 157 |
| EKM C | 31 | 5 | 744 |
| EKM R | 21 | 6 | 603 |
| TSR C | 2 | 20 | 88 |
| TSR R | 1 | 0 | 352 |
| PKD | 17 | 0 | 11 |
| MLP | 25 | 0 | 1 |
| KKD C | 4 | 0 | 4 |
| KKD R | 18 | 0 | 11 |
| WAY | 22 | 0 | 0 |
| KNR | 12 | 0 | 77 |
| KSR | 30 | 0 | 241 |
| RLWYs | 114 | 0 | 181 |
| TOTAL | 655 | 202 | 6689 |

സെക്ഷൻ ഓഫീസർ